## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4477** **20.10.2011-ൽ മറുപടിയ്ക്ക്**

### നൂറുദിന കർമ്മ പരിപാടിയും അതിന്റെ വിജയത്തിനുള്ള പദ്ധതികളും

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. റ്റി.എ. അഹമ്മദ് കബീർ**<br>**ശ്രീ. മഞ്ഞളാംകുഴി അലി**<br>**ശ്രീ. കെ.എം. ഷാജി**<br>**ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി** | | **ശ്രീ. ഉമ്മൻചാണ്ടി**<br>**(മുഖ്യമന്ത്രി)** |
| (എ) | ഈ സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി ആരംഭം കുറിച്ച വികസന പദ്ധതികളുടെയും പരിഷ്ക്കരണ നടപടികളുടെ ക്രമമായ പുരോഗതിയും നിശ്ചിത കാലപരിധിക്കുള്ളിലെ പൂർത്തീകരണവും ഉറപ്പാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ വിശദമാക്കുമോ ; | (എ) | നൂറുദിന കർമ്മ പരിപാടികളിൽ ഉൾപ്പെടുത്തി ആരംഭ കുറിച്ച വികസന പദ്ധതികളുടെയും പരിഷ്കരണ നടപടികളുടെയും ക്രമമായ പുരോഗതിയും നിശ്ചിത കാലപരിധിക്കുള്ളിലെ പൂർത്തീകരണവും ഉറപ്പാക്കുന്നതിനായി നൂറുദിന കർമ്മ പരിപാടി പ്രഖ്യാപിച്ചതിനു ശേഷമുള്ള ഓരോ രണ്ടാഴ്ചയിലും അതിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വകുപ്പുകളിൽ നിന്നും വിശദാംശങ്ങൾ ആവശ്യപ്പെടുകയും അവ ക്രോഡീകരിച്ച് മന്ത്രിസഭാ യോഗം അവലോകനം നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വകുപ്പുതലത്തിൽ നടപടികൾ ത്വരിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പുതിയ പദ്ധതികളുടെയും, പരിപാടികളുടെയും പ്രവർത്തനം മുടക്കം കൂടാതെ നടക്കാൻ ആവശ്യമായ ഫണ്ട് ലഭ്യമാക്കാനും, മോണിട്ടർ ചെയ്യാനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി ഒരു മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ; | (ബി) | ഇതിനായി മുഖ്യമന്ത്രിയുടെ ഓഫീസ് തലത്തിലും ജില്ലാ തലത്തിലും പ്രോഗ്രാം ഇംപ്ളിമെന്റേഷൻ ആന്റ് മോണിറ്ററിംഗ് യൂണിറ്റ് ഇപ്പോൾ നിലവിലുണ്ട്.<br><br>(. . . . .2) |

| | | | |
|---|---|---|---|
| (സി) | നൂറുദിന കർമ്മപരിപാടി പ്രഖ്യാപന പ്രകാരം നടപ്പാക്കുന്നതിൽ വിജയം വരിച്ച സർക്കാർ, അവയുടെയും, നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികളുടേയും വിജയം ഉറപ്പാക്കാൻ ഭരണ സംവിധാനത്തിൽ എന്തെങ്കിലും പരിഷ്ക്കരണം അനിവാര്യമാണെന്ന് കരുതുന്നുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച വിശദ വിവരം നല്കാമോ ; | (സി) | കേരളത്തിലെ പ്രധാനപ്പെട്ട പദ്ധതികൾക്ക് ആസൂത്രിതമായ വിഭവ വിനിയോഗവും പദ്ധതിയിൽ നിന്നുള്ള സാമൂഹ്യനേട്ടവും സുതാര്യതയും മുന്നിൽ കണ്ട് മുൻകൂർ സാമൂഹിക സാമ്പത്തിക പരിശോധനയ്ക്ക് സംവിധാനം ഒരുക്കിയിട്ടുണ്ട്. |
| (ഡി) | നൂറുദിന കർമ്മ പരിപാടി കൊണ്ട് ജനങ്ങൾക്ക് അനുഭവവേദ്യമാക്കാൻ സാധിച്ച പ്രധാന പരിപാടികളെയും, എത്രത്തോളം പാവപ്പെട്ടവർക്ക് അതിന്റെ പ്രയോജനം നേരിട്ടു ലഭിച്ചു എന്നതും സംബന്ധിച്ച വിവരം ലഭ്യമാക്കുമോ ? | (ഡി) | ബി.പി.എൽ. കാർക്ക് 1 രൂപ നിരക്കിൽ 25 കിലോ അരി നൽകി, പച്ചക്കറി വിത്ത് കിറ്റ് വീടുകളിൽ വിതരണം ചെയ്യുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മൽസരിക്കാൻ ജോലി രാജിവച്ച അങ്കൻവാടി ടീച്ചർമാർക്കും ഹെൽപ്പർ മാർക്കും പുനർ നിയമനം നൽകി, എൻഡോസൾഫാൻ ദുരിത ബാധിതർക്ക് 1 ലക്ഷം രൂപ വീതം അനുവദിച്ചു, വയനാട്ടിലെ അവിവാഹിതരായ ആദിവാസി അമ്മമാരുടെ പുനരധിവാസ നടപടികൾ, കുട്ടനാട്ടിൽ നെല്ല് സംഭരിച്ചവരുടെ കുടിശ്ശിക തീർക്കുന്നതിനായി 50 കോടി രൂപ അധികം അനുവദിച്ച് വിതരണം ചെയ്തു തുടങ്ങിയ പ്രധാന പരിപാടികൾ ഇക്കാലയളവിൽ പൂർത്തീകരിക്കുകയും ഇവയുടെ പ്രയോജനം പാവപ്പെട്ട ജനങ്ങൾക്ക് നേരിട്ട് ലഭ്യമാകുകയും ചെയ്തു.<br><br>സെക്ഷൻ ഓഫീസർ |